**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4625** **02-07-2024 - ൽ മറുപടിയ്ക്ക്**

**പാമ്പുകളെ പിടിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ശാസ്ത്രീയ പരിശീലനം ലഭിക്കാത്തവർ പാമ്പുകളെ പിടികൂടുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. ശാസ്ത്രീയ പരിശീലനം ലഭിക്കുകയോ വനം വകുപ്പിന്റെ ലൈസൻസ് നേടുകയോ ചെയ്യാത്തവർ പാമ്പുകളെ പിടികൂടാൻ ശ്രമിച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.** |
| (ബി) | ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് പാമ്പ് പിടുത്തത്തിന് താല്പര്യപ്പെടുന്നവർക്ക് പരിശീലനം നൽകുന്നുണ്ടോ; ഇതിനായി വനംവകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | പരിശീലനം നൽകുന്നുണ്ട്. ഇക്കാര്യത്തിൽ തല്പരരായ പൊതുജനങ്ങൾക്ക് ഓരോ ജില്ലയിലേയും സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ പ്രസ്തുത പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അപേക്ഷ നൽകാവുന്നതാണ്. കൂടാതെ വനം വകുപ്പിന്റെ “സർപ്പ” (SARPA) മൊബൈൽ ആപ്പ് മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത അപേക്ഷകൾ ജില്ലയിൽ നിന്നും ലഭിച്ചാൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സർപ്പ സ്റ്റേറ്റ് നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുന്നതാണ്. കൂടാതെ വനം വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് പരിശീലനകേന്ദ്രങ്ങളിൽ നിന്നു തന്നെ ഈ പരിശീലനം നൽകുന്നുണ്ട്. |
| (സി) | പാമ്പുപിടിത്തക്കാർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | വനം വകുപ്പ് പരിശീലനം നൽകി ലൈസൻസ് നൽകിയിട്ടുള്ള അംഗീകൃത പാമ്പ് റെസ്ക്യൂവർമാർക്ക് പരമാവധി സുരക്ഷ ഉറപ്പാക്കുന്ന രീതിയാണ് പരിശീലിപ്പിക്കുന്നത്. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ചാണ് പാമ്പുകളെ പിടികൂടുന്നത്. അതിനാൽ തന്നെ പാമ്പുകൾക്കും അവയെ കൈകാര്യം ചെയ്യുന്നവർക്കും പരമാവധി സുരക്ഷ ഉറപ്പാക്കുന്നുണ്ട്. കൂടാതെ പാമ്പുകളെ പിടികൂടുന്ന വീഡിയോകൾ ഓരോ ജില്ലയിലും സർപ്പ വോളന്റിയർമാരേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ |

| | | | |
|---|---|---|---|
| | | | പോസ്റ്റ് ചെയ്യുകയും, പാമ്പിനെ പിടികൂടുന്നതിൽ എന്തെങ്കിലും അപാകതകൾ ഉള്ളപക്ഷം പരിചയസമ്പന്നരായ അംഗങ്ങൾ അത് ശ്രദ്ധയിൽ പെടുത്തി ഓരോ തവണയും ടെക്നിക്കുകൾ കുറ്റമറ്റതാക്കുകയും ചെയ്യുന്നുണ്ട്. പരിശീലിപ്പിച്ചതും നിർദ്ദേശിച്ചിട്ടുള്ളതുമായ രീതിയിൽ നിന്നും വ്യതിചലിച്ച് തെറ്റായ രീതിയിലോ അപകടകരമായോ പാമ്പുകളെ കൈകാര്യം ചെയ്യുന്ന പക്ഷം ജില്ലാ കോർഡിനേറ്ററായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇടപെട്ട് തിരുത്താൻ ആവശ്യപ്പെടുകയും, വീണ്ടും ആവർത്തിച്ചാൽ അത്തരക്കാരുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യും. ലൈസൻസ് ഇല്ലാത്തവർ പാമ്പിനെ പിടികൂടുന്നത് വന്യജീവി (സംരക്ഷണ) നിയമം, 1972 ന്റെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾക്ക് നിയമപരമായ നടപടികൾ നേരിടേണ്ടിവരും. |

സെക്ഷൻ ഓഫീസർ